## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം
## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 206 17.06.2014-ൽ മറുപടിക്ക്

## വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. സി.കെ.നാണു | | ശ്രീ.കെ.എം.മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | വാണിജ്യ നികുതി വകുപ്പിന്റെ കീഴിലുള്ള ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനത്തിൽ എന്തെങ്കിലും അപാകതകൾ ഈ വർഷം കണ്ടെത്തിയിട്ടുണ്ടോ; | (എ) & (ബി) | അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില സാങ്കേതിക പരിമിതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിലെ സ്ഥലപരിമിതിയും പരിശോധന കൗണ്ടറുകളുടെ കുറവും മൂലം എല്ലാ ചരക്കുവാഹനങ്ങളേയും സമഗ്രമായ പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിയാറില്ല. ആയതിനാൽ സെലക്ടീവായി മാത്രമേ വിശദമായ ചരക്ക് പരിശോധന നടത്തുവാൻ സാധിക്കുന്നുള്ളു. എന്നാൽ രേഖകളുടെ പരിശോധന നിർബന്ധമായും എല്ലാ വാഹനങ്ങളിലും നടത്താറുണ്ട്. |
| (ബി) | എങ്കിൽ അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; | | |
| (സി) | ഈ അപാകതകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | വിവിധ വകുപ്പുകളുടെ ചെക്ക്പോസ്റ്റുകൾ നിലനിൽക്കുന്ന ഇടങ്ങളിൽ പ്രത്യേകം പ്രത്യേകം പരിശോധനകൾ നടത്തുന്നതുമൂലം ചരക്കുവാഹനങ്ങൾ പരിശോധനകൾക്കുശേഷം കടന്നുപോകുന്നതിന് കാലതാമസം നേരിടുന്നു. ഇത് ഒഴിവാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | സംയോജിത ചെക്ക്പോസ്റ്റ് എന്ന ആശയം മുൻനിർത്തി എക്സൈസ്, മോട്ടോർവെഹിക്കിൾ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് അമരവിളയിൽ സംയോജിതചെക്ക്പോസ്റ്റ് ആരംഭിച്ചിട്ടുണ്ട്. മറ്റു പ്രധാന ചെക്ക്പോസ്റ്റുകളായ വാളയാർ, ബംഗ്രാമഞ്ചേശ്വരം, മുത്തങ്ങ, ആര്യൻകാവ് മുതലായ ഇടങ്ങളിൽ സംയോജിത ചെക്ക്പോസ്റ്റ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇത് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള സ്ഥലമെടുപ്പു നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ താഴെപ്പറയുന്ന പരിഷ്കാരങ്ങൾ ചരക്കു നീക്കവും പരിശോധനയും വേഗത്തിലാക്കുന്നതിനു വേണ്ടി നടപ്പിലാക്കി വരുന്നു.<br>എ) അന്യ സംസ്ഥാനത്തു നിന്നും ചരക്കുകൾ കേരളത്തിലേക്കു കൊണ്ടു വരുമ്പോൾ 8 എഫ്.ഇ.ഡിക്ലറേഷൻ ആർക്കു വേണമെങ്കിലും എടുക്കാനുള്ള സംവിധാനം നിലവിലുണ്ട്. ഇതു മൂലം ചരക്കു വാഹനങ്ങൾ ചെക്കുപോസ്റ്റ് പരിസരത്ത് പാർക്കു ചെയ്ത് ഇ-ഡിക്ലറേഷൻ എടുക്കുന്നതിലേക്ക് കിയോസ്കുകളെ ആശ്രയിക്കുന്ന പ്രവണത ചെക്ക്പോസ്ററുകളിൽ ഗതാഗതക്കുരുക്കിനും കാലതാമസത്തിനും കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതു പരിഹരിക്കു |

| | | | |
|---|---|---|---|
| | | | ന്നതിന് ജൂലൈ 1 മുതൽ ചരക്കു വിൽക്കുന്ന ആളോ വാങ്ങുന്ന ആളോ ഇ-ഡിക്ലറേഷൻ അവരുടെ യൂസർ ഐഡി പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് മുൻകൂട്ടി എടുത്ത് ആയതിന്റെ ടോക്കൺ നമ്പർ മാത്രം ചെക്കുപോസ്റ്റിൽ നൽകി നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്.<br>ബി) പാർസൽ ഏജൻസി വഴി ചരക്ക് അയക്കുന്ന വ്യപാരികളും ഏത് പാർസൽ ഏജൻസി വഴിയാണ് ചരക്ക് അയക്കുന്നതെന്നുമുള്ള വിവരം മുൻകൂട്ടി രേഖപ്പെടുത്തി ഇ-ഡിക്ലറേഷനിൽ ഉൾപ്പെടുത്തുന്നതിനാൽ വ്യാപാരിക്ക് തനതായി ഇ-ഡിക്ലറേഷൻ സമർപ്പിക്കേണ്ട ആവശ്യം ഇല്ല.<br>സി) പ്രധാനപ്പെട്ട എല്ലാ ചെക്കുപോസ്റ്റുകളിലും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ചരക്കു പരിശോധന വേഗം പൂർത്തിയാക്കുന്നതിനും തത്സമയം രേഖകൾ അസസിംഗ് അതോറിട്ടിക്ക് ലഭ്യമാകുന്നതിനും സാധിക്കുന്നു.<br>ഡി) വാളയാർ ചെക്ക്പോസ്റ്റിൽ അധികമായി രണ്ട് കൗണ്ടറുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>കൂടാതെ വാഹന പാർക്കിംഗും പരിശോധനയും ക്രമീകരിക്കുന്നതിന് പബ്ലിക് അഡ്രസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽ സി.സി.റ്റി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നട |

| | | | |
|---|---|---|---|
| | | | പടികൾ ആരംഭിച്ചിട്ടുണ്ട്. അമരവിളയിൽ സി.സി.റ്റി.വി.ക്യാമറ സ്ഥാപിച്ചിട്ടുണ്ട്.<br>ഇ) ഇ-ഡിക്ലറേഷൻ എടുത്തുവരുന്ന ചരക്കുവാഹനങ്ങളെ സംബന്ധിക്കുന്ന വിവരം യഥാസമയം കേരളത്തിലെ വ്യാപാരികളെ എസ്.എം.എസ്.അലെർട്ട് മുഖേന അറിയിക്കുന്നതുകൊണ്ട് വ്യാപാരികൾക്ക് ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സാധിക്കുന്നു. |

**സെക്ഷൻ ഓഫീസർ.**